വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ

85 (4076) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നും പ്രസ്തുത സ്റ്റോറുകൾ എന്നു മുതൽ ആരംഭിച്ചതാണെന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡിന്റെ സ്റ്റോറുകളിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ സ്റ്റോറുകളുടെ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള 6 മാസത്തെ വിറ്റുവരവ് കണക്കുകൾ വെളിപ്പെടുത്തുമോ;

(ഡി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ ഷോറൂമുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നും ഏതെല്ലാം തസ്തികകളിൽ, എത്ര ജീവനക്കാർ വീതമാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ് നന്മ സ്റ്റോറുകൾ വെച്ചൂർ, ബ്രഹ്മമംഗലം, മറവൻതുരുത്ത്, ഇരുമ്പയം, വൈക്കം എന്നീ സ്ഥലങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഇവ ആരംഭിച്ച തീയതികൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നന്മ സ്റ്റോർ സ്ഥിതി ചെയ്യുന്ന സ്ഥലം	ആരംഭിച്ച തീയതി
1	വെച്ചൂർ	23-8-2012
2	ബ്രഹ്മമംഗലം	23-8-2012
3	മറവൻതുരുത്ത്	23-8-2012
4	ഇരുമ്പയം	30-4-2013
5	വൈക്കം	1-7-2014

(ബി) ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, മുളക്, മല്ലി, ചെറുപയർ, ഉഴുന്ന് എന്നീ പത്ത് ഉൽപ്പന്നങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈക്കത്തെ കൺസ്യൂമർഫെഡ് നന്മ/മൊബൈൽ സ്റ്റോറുകളുടെ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള 6 മാസത്തെ വിറ്റുവരവ് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്റ്റോറിന്റെ പേര്	നന്മ സ്റ്റോർ	മൊബൈൽ ത്രിവേണി
1	വെച്ചൂർ	13,52,111.64	-
2	ബ്രഹ്മമംഗലം	6,64,323.31	-
3	മറവൻതുരുത്ത്	6,00,005.88	-
4	ഇരുമ്പയം	7,21,430.27	-
5	വൈക്കം(1-7-2014-ന് ത്രിവേണി സ്റ്റോർ നന്മ സ്റ്റോറാക്കി പരിവർത്തനം ചെയ്തത്)	ഈകാലയളവിൽ നന്മ വിൽപ്പന ഇല്ല	
6	മൊബൈൽത്രിവേണി വൈക്കം	-	27,16,073.42

(ഡി) നന്മ/മൊബൈൽ ഷോറൂമുകളിൽ ഒരു ഡ്രൈവർ ഉൾപ്പെടെ 13 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവർ എല്ലാവരും ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്.

ക്രമ നമ്പർ	സ്റ്റോറിന്റെ പേര്	ജീവനക്കാരുടെ എണ്ണം	തസ്തിക
1	നന്മ സ്റ്റോർ വെച്ചൂർ	2	ദിവസ പ്രതിഫലം
2	നന്മ സ്റ്റോർ ബ്രഹ്മമംഗലം	2	ദിവസ പ്രതിഫലം
3	നന്മ സ്റ്റോർ മറവൻതുരുത്ത്	2	ദിവസ പ്രതിഫലം
4	നന്മ സ്റ്റോർ ഇരുമ്പയം	2	ദിവസ പ്രതിഫലം
5	നന്മ സ്റ്റോർ വൈക്കം	2	ദിവസ പ്രതിഫലം
6	മൊബൈൽത്രിവേണി വൈക്കം	1	ദിവസ പ്രതിഫലം ഡ്രൈവർ (ദിവസ വേതനാടിസ്ഥാനത്തിൽ)

LIBRARY ARCHIVES Kerala Legislative Assembly